**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3684** **26-10-2021 - ൽ മറുപടിയ്ക്ക്**

**കായിക പ്രതിഭകൾക്കുള്ള പ്രോത്സാഹന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക പ്രതിഭകൾക്കായുള്ള പ്രോത്സാഹന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കായിക പ്രതിഭകൾക്കായുള്ള പ്രോത്സാഹന പദ്ധതികളുടെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ച് മെഡൽ നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡുകൾ നൽകി വരുന്നുണ്ട്. കേരളത്തിലെ ഏറ്റവും മികച്ച പുരുഷ, വനിതാ കായികതാരങ്ങൾക്ക് കൗൺസിൽ സ്ഥാപക പ്രസിഡന്റ് കേണൽ ഗോദവർമ്മ രാജയുടെ പേരിൽ ഏർപ്പെടുത്തിയ പരമോന്നത കായിക ബഹുമതിയായ ജി.വി.രാജാ അവാർഡ് നൽകി ആദരിച്ചു വരുന്നു. അർഹരായ കായികതാരങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് നൽകി വരുന്നു. |
| (ബി) | ദേശീയ, അന്തർദ്ദേശീയ മത്സര വിജയികൾക്ക് ക്യാഷ് അവാർഡ് നൽകാറുണ്ടോ; എങ്കിൽ അവസാനമായി ക്യാഷ് അവാർഡ് നൽകിയത് ഏത് വർഷമാണെന്ന് അറിയിക്കാമോ? | (ബി) | ദേശീയ, അന്തർദേശീയ മത്സര വിജയികൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. 2016-17 വർഷം വരെയുള്ള ക്യാഷ് അവാർഡ് വിതരണം പൂർത്തിയായിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. ടോക്യോ 2020 ഒളിമ്പിക്സിൽ മെഡൽ നേടിയ ഹോക്കി ടീമിലെ അംഗമായ ശ്രീ.പി.ആർ.ശ്രീജേഷിനും ഒളിമ്പിക്സിൽ പങ്കെടുത്ത മലയാളി കായികതാരങ്ങൾക്കും 2020-ലെ ഖേലോ ഇൻഡ്യ യൂത്ത് ഗെയിംസിൽ പങ്കെടുത്ത് വിജയിച്ച കായികതാരങ്ങൾക്കും ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ